# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.655** **11/06/2014-ൽ മറുപടിക്ക്**

## ജനറിക് മരുന്ന് വിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്<br>ഡോ. കെ. ടി. ജലീൽ<br>ശ്രീ. എ. പ്രദീപ്കുമാർ<br>" കെ. സുരേഷ് കുറുപ്പ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതിയുടെ സ്ഥിതി വിലയിരുത്തിയിരുന്നോ ; വിശദാംശം അറിയിക്കുമോ ; | (എ) | സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതിയുടെ സ്ഥിതി വിലയിരുത്തന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പു സെക്രട്ടറിയുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പു ഡയറക്ടർ, ആരോഗ്യവിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ കോളേജുതലം മുതൽ താലൂക്ക് ആശുപത്രികൾ വരെയുള്ള ആശുപത്രി സൂപ്രണ്ടുമാർ, സ്റ്റോർ സൂപ്രണ്ടുമാർ, സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട മീറ്റിംഗുകൾ തെക്കൻ മേഖലയിലെ ജില്ലകളെ ഉൾപ്പെടുത്തി 22.05.2014 തീയതിയിൽ തിരുവനന്തപുരത്തും, വടക്കൻ മേഖലയിലെ ജില്ലകളെയും ഉൾപ്പെടുത്തി 27.05.2014 തീയതിയിൽ മലപ്പുറം കളക്ട്രേറ്റിലും നടത്തുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ അവശ്യമരുന്നുകളുടെ ലഭ്യത സംബന്ധിച്ച് വിശദമായ ചർച്ച നടത്തിയപ്പോൾ 528 മരുന്നുകൾ ആവശ്യമുണ്ടെന്ന് അറിയിച്ചതിൽ 352 മരുന്നുകൾ കോർപ്പറേഷന്റെ വെയർഹൗസുകളിൽ ലഭ്യമാണ്. ശേഷിക്കുന്ന 176 ഇനം മരുന്നുകളുടെ സ്റ്റോക്കിൽ കുറവ് വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സർക്കാരാശുപത്രികളിൽ ജനറിക് മരുന്നുകൾ ഉൾപ്പെടെ ഒരു മരുന്നും ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാരണം വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകൾ എല്ലാം ലഭ്യമാണ്. ജീവിതശൈലീ രോഗങ്ങൾക്ക് വേണ്ട ചില മരുന്നുകളുടെ സ്റ്റോക്കിൽ കുറവ് വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | മരുന്നു ക്ഷാമം പരിഹരിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ? | (സി) | സ്റ്റോക്ക് കുറവുള്ള മരുന്നുകൾ ആശുപത്രി തലത്തിൽ തന്നെ അടിയന്തിരമായി വാങ്ങാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനായി താലൂക്ക്, ജില്ലാ ആശുപത്രികളിലെയും ജനറൽ ആശുപത്രികളിലെയും മെഡിക്കൽ കോളേജുകളിലെയും ഹോസ്പിറ്റൽ സൂപ്രണ്ടുമാർക്ക് "രാഷ്ട്രീയ സ്വസ്ത് ബീമാ യോജന" (RSBY) ഫണ്ടിൽ നിന്നും |

| | | | |
|---|---|---|---|
| | | | തുക വിനിയോഗിച്ച് കുറവുള്ള മരുന്ന് വാങ്ങുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ സൂപ്രണ്ടുമാരോട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, നീതി മെഡിക്കൽ സ്റ്റോർ, ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി നടത്തി വരുന്ന ഫാർമസികൾ എന്നിവിടങ്ങളിൽ മരുന്ന് ലഭ്യമാണെങ്കിൽ ആയതു മുഖേന മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ മരുന്ന് ഇല്ലെങ്കിൽ മാത്രമേ ഓപ്പൺ ക്വട്ടേഷൻ പ്രകാരം മരുന്ന് വാങ്ങാവൂ എന്നും ഇത് പരിശോധിക്കുന്നതിനായി ഹോസ്പിറ്റൽ സൂപ്രണ്ട്, സ്റ്റോർ സൂപ്രണ്ട്, ആശുപത്രിയിലെ ഏതെങ്കിലും വകുപ്പ് മേധാവി എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. RSBY ഫണ്ടിന് പുറമേ ക്ഷാമമുള്ള മരുന്ന് പ്രാദേശിക മായി വാങ്ങുന്നതിലേയ്ക്കായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് രണ്ട് കോടി രൂപയും, ആരോഗ്യ വകുപ്പ് ഡയറക്ടർക്ക്<br>1 കോടി രൂപയും അതാത് വകുപ്പുകളുടെ നോൺ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.<br>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 2014-15 വർഷത്തെ മരുന്ന് സംഭരണത്തിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആവശ്യമായ മരുന്നുകൾക്കുള്ള ഓർഡറുകൾ നൽകിക്കൊണ്ടിരിക്കുന്നു. ജൂലൈ മാസം പകുതിയോടെ പ്രസ്തുത മരുന്നുകൾ കോർപ്പറേഷന്റെ ജില്ലാ വെയർഹൗസുകളിൽ എത്തിച്ചേരുന്നതാണ്. |

സെക്ഷൻ ഓഫീസർ